**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1415** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനത്താവളത്തിൽ നടന്ന വിമാനദുരന്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ വർഷം കോഴിക്കോട് വിമാനത്താവളത്തിൽ ഉണ്ടായ വിമാനദുരന്തത്തിൽ എത്ര പേർ മരിച്ചു എന്നും എത്ര പേർക്ക് പരുക്ക് പറ്റിയെന്നും വിശദമാക്കുമോ; | (എ) | കഴിഞ്ഞ വർഷം കോഴിക്കോട് വിമാനത്താവളത്തിൽ ഉണ്ടായ വിമാനദുരന്തത്തിൽ ആകെ 21 പേർ മരണപ്പെടുകയും 169 പേർക്ക് പരിക്ക് പറ്റുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പരിക്ക് പറ്റിയവരെ ഏതെല്ലാം ആശുപത്രികളിലാണ് ചികിത്സിച്ചത് ; ഇവരുടെ ചികിത്സാ ചെലവ് ഇനത്തിൽ യഥാക്രമം വിമാന കമ്പനി, കേരള സർക്കാർ, കേന്ദ്ര സർക്കാർ എന്നിവർ എത്ര രൂപ വീതം ചെലവഴിച്ചു എന്ന് തരംതിരിച്ച് വിശദമാക്കുമോ; | (ബി) | മലപ്പുറം ജില്ലയിലെ അൽമാസ് ആശുപത്രി, കോട്ടക്കൽ, അൽഷിഫ, പെരിന്തൽമണ്ണ, ബി.എം, പുളിക്കൽ, ഇ.എം.എസ് പെരിന്തൽമണ്ണ, ഏറനാട് ആശുപത്രി, മഞ്ചേരി, കൊരമ്പയിൽ ആശുപത്രി, മഞ്ചേരി, മെഡിക്കൽ കോളേജ് ആശുപത്രി, മഞ്ചേരി, മേഴ്സി ആശുപത്രി, കൊണ്ടോട്ടി, എം.ഇ.എസ് പെരിന്തൽമണ്ണ, മിംമ്സ് ആശുപത്രി, കോട്ടക്കൽ, മൌലാന ആശുപത്രി, പെരിന്തൽ മണ്ണ, റിലീഫ് ആശുപത്രി, കൊണ്ടോട്ടി, മലബാർ ആശുപത്രി, മഞ്ചേരി കോഴിക്കോട് ജില്ലയിലെ മെഡിക്കൽ കോളേജ് ആശുപത്രിയും, കോഴിക്കോട്, മിംമ്സ് ആശുപത്രി കോഴിക്കോട്, ബേബി മെമ്മോറിയൽ ആശുപത്രി, ബീച്ച് ആശുപത്രി, മൈത്ര ആശുപത്രി, DAM കോപ്പറേറ്റീവ് ആശുപത്രി, എരിഞ്ഞപ്പാലം, IMCH. ഇഖ്റ ആശുപത്രി, സ്റ്റാർ കെയർ ആശുപത്രി, വടകര കോപ്പറേറ്റീവ് ആശുപത്രി എന്നിവിടങ്ങളിലുമാണ് ചികിത്സ നടത്തിയിട്ടുള്ളത്. ചികിത്സാ ചെലവിനത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |
| (സി) | മരണപ്പെട്ടവർക്കും, പരിക്ക് പറ്റിയവർക്കും കേന്ദ്ര സർക്കാർ, വിമാന കമ്പനി, കേരള സർക്കാർ എന്നിവർ നഷ്ടപരിഹാരം പ്രഖ്യാപിച്ചിരുന്നുവോ;എങ്കിൽ എത്ര തുകയായിരുന്നു പ്രഖ്യാപിച്ചത് എന്നും ഇതിൽ ആർക്കൊക്കെ എത്ര തുക വീതം ആരെല്ലാം നൽകി എന്നും വിശദമാക്കുമോ? | (സി) | മരണപ്പെട്ട 21 പേരുടെ ആശ്രിതർക്ക് 2,10,00,000/- രൂപ (രണ്ടു കോടി പത്തു ലക്ഷം രൂപാ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. വിമാന കമ്പനി, കേന്ദ്ര സർക്കാർ എന്നിവർ നഷ്ടപരിഹാരം പ്രഖ്യപിച്ചിട്ടുണ്ടോ, എത്ര തുക എന്ന വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ